(ഡി) 'വർഷ' പദ്ധതിയുടെ ആദ്യഘട്ടമായി അനുമതി നൽകിയ 623 യൂണിറ്റുകളിൽ ഏകദേശം 300 യൂണിറ്റുകൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള യൂണിറ്റുകളുടെ പണികൾ നടന്നുവരുകയും ചെയ്യുന്നു. 11-ാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗിച്ചുള്ള പദ്ധതിയിൻകീഴിൽ 646 യൂണിറ്റുകളുടെ പണികൾ പൂർത്തീകരിച്ചു. ഉദ്യോഗസ്ഥൻമാരും മാധ്യമ പ്രവർത്തകരും ഉൾപ്പെടെ 40,000-ൽപരം ആളുകൾക്ക് KILA വഴി പരിശീലനം നൽകിയിട്ടുണ്ട്. ലാൻഡ് യൂസ്ബോർഡ്, ജലനിധി തുടങ്ങിയ സംവിധാനങ്ങൾ ഈ ആവശ്യത്തിന് വേണ്ടി പ്രവർത്തിക്കുന്നു. 3.35 കോടി രൂപ ചെലവുള്ള മഴവെള്ള സംഭരണ പ്രചരണ പരിപാടി സർക്കാർ അംഗീകരിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

മഴവെള്ള സംഭരണത്തെപ്പറ്റിയുള്ള കൈപുസ്തകം അച്ചടിക്ക് തയ്യാറായിക്കഴിഞ്ഞു.

മഴവെള്ള സംഭരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു ലഘുചിത്രം (ടെലിഫിലിം) ജീവന്റെ മഴത്തുള്ളികൾ എന്നപേരിൽ കേരളാ റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി തയ്യാറാക്കിയിട്ടുണ്ട്.

മാധ്യമങ്ങൾ വഴിയുള്ള മഴവെള്ളപ്രചരണാനുകൂല പരിപാടികൾ പ്രദർശിപ്പിച്ചുവരുന്നു.

ജില്ലയിൽ തെരഞ്ഞെടുത്ത 10 വീതം പൊതു സ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ/കെട്ടിടങ്ങൾ എന്നിവയിൽ മഴവെള്ള സംഭരണം ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് മാതൃകകൾ ലഭ്യമാക്കുവാനും മഴവെള്ള സംഭരണപ്രചരണ പരിപാടി 2004-ൽ വിഭാവനം ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർമാർ ഇത്തരം പൊതു സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് തീരുമാനിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

വെള്ളായണി കായൽ സംരക്ഷണം

50 [213] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ശുദ്ധജല തടാകങ്ങളിൽ ഒന്നായ വെള്ളായണി കായൽ സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാർ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കായൽ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുവേണ്ടി നിയമ നിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ ആന്റ് ബി) വെള്ളായണി കായൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അന്തിമ രൂപം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly